കേരള സർക്കാർ

സംഗ്രഹം

സഹകരണ വകുപ്പ് - കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ ക്ഷേമ ബോർഡിൽ പുതിയതായി ചേരുന്നവർക്ക് കുടിശ്ശിക ഒഴിവാക്കി അംഗത്വം നേടുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## സഹകരണ (സി) വകുപ്പ്

**സ.ഉ.(സാധാ)നമ്പർ.438/2013/സഹ തീയതി, തിരുവനന്തപുരം : 06.07.2013.**

---

പരാമർശം: 1) സ.ഉ.(സാധാ) നമ്പർ 245/2013/സഹ തീയതി 30.03.2013.

2) കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ ക്ഷേമ ബോർഡിന്റെ 2013 മെയ് 1 ലെ 10 (i) നമ്പർ തീരുമാനം.

3) സഹകരണ സംഘം രജിസ്ട്രാർ നൽകിയ 19.06.2013 ലെ ഇ.എം(5) 26383/2013 നമ്പർ കത്ത്.

### ഉത്തരവ്

കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ ക്ഷേമബോർഡിൽ സഹകരണ സംഘങ്ങൾ/ബാങ്കുകൾ/സ്ഥാപനങ്ങൾ എന്നിവയിലെ മുഴുവൻ ജീവനക്കാരെയും അംഗങ്ങൾ ആക്കണമെന്ന ലക്ഷ്യം കൈവരിക്കുന്നതിന് കുടിശ്ശിക ഒഴിവാക്കി അംഗത്വം നൽകുന്നതിന് 31.03.2013 വരെ സമയം അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ഇതര വകുപ്പുകളുടെ നിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങളിലെ ജീവനക്കാർ ഇനിയും ധാരാളം ചേരാനുള്ളതിനാൽ വെൽഫെയർ ബോർഡിൽ കുടിശിക ഇല്ലാതെ പുതിയ അംഗത്വം നൽകുന്നതിനുള്ള സമയപരിധി 01.04.2013 മുതൽ 6 മാസത്തേക്ക് ദീർഘിപ്പിക്കുന്നതിന് ബോർഡ് ഭരണ സമിതി പരാമർശം (2) പ്രകാരം തീരുമാനം കൈക്കൊണ്ട് സർക്കാരിനോട് അപേക്ഷിച്ചിരിക്കുന്നു. ബോർഡ് തീരുമാനം പരിഗണിക്കാവുന്നതാണെന്ന പരാമർശം (3) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ ശുപാർശ ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ വെൽഫെയർ ബോർഡ് തീരുമാനം പരിഗണിച്ച് കുടിശിക ഇല്ലാതെ അംഗത്വം നൽകുന്നതിനുമുള്ള സമയ പരിധി 01.04.2013 മുതൽ 6 മാസത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഇതിനാൽ ഉത്തരവാകുന്നു.

**ഗവർണറുടെ ഉത്തരവിൻ പ്രകാരം**
**ഡോ. വി.എം. ഗോപാലമേനോൻ,**
**ഗവൺമെന്റ് സെക്രട്ടറി.**

1. സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
   (എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും അറിയിപ്പ് നൽകുന്നതിലേയ്ക്കായി)
2. അഡീഷണൽ രജിസ്ട്രാർ/സെക്രട്ടറി ട്രഷർ,
   കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ്,
   ഓവർബ്രിഡ്ജ്, തിരുവനന്തപുരം,
3. കരുതൽ ഫയൽ / ആഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**